കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2015-16

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dompm.ksad@kerala.gov.in

****

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ.കെ.എസ്.എ.എം.പി.എം.24/54/2017

കേരള സംസ്ഥാന ഓഡിറ്റ്
സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല

തീയതി.07.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്നംമുക്ക്ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക്ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം.24/54/2017

തിയ്യതി:07.02.2017

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 8-12-2015മുതൽ 31-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 5-12-2016 മുതൽ 19-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | അബ്ദുൾ റഷീദ്.എം.പി<br>സിജു.പി.ഡാംസൺ<br>സജീഷ്.എം.ആർ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ<br>അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ<br>സീനിയർഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.റീന.വി | 1-4-2015മുതൽ<br>16-11-2015വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 16-11-2015മുതൽ<br>24-11-2015വരെ |
| | | ശ്രീ.ടി.സത്യൻ | 25-11-2015 മുതൽ<br>31-03-2016 വരെ |
| സെക്രട്ടറി | : | ശ്രീ.കെ.കെ.രാജൻ | 1-04-2015 മുതൽ<br>31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷിഓഫീസർ. | അശ്വതിദേവ് | 1-04-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജൻ. | ഡോ.നഹീൽ | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.നിഗാർകാസിം | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.പ്രസന്നകുമാരി | 1-4-15 മുതൽ 31-3-16 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം. | ഡോ.ടി.ഹരി | 1-4-15 മുതൽ 31-3-16 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ബിജു.കെ. | 1-4-15 മുതൽ 31-3-16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിർമലാകുമാരി | 1-4-15മുതൽ 27-12-15 |
| | അദീബ യാസിൻ | 28-12-15മുതൽ 31-3-16 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | മഹേഷ് | 1-4-15 മുതൽ 28-5-16 വരെ |
| | പ്രതീഷ് കുമാർ | 28-5-16 മുതൽ 31-3-16 വരെ |
| ഹെഡ്മാസ്റ്റർ | ലക്ഷ്മണൻ.കെ.കെ | 1-4-15 മുതൽ 31-3-16 വരെ |
| അസിസ്റ്റന്റ്സെക്രട്ടറി | മണികണ്ഠൻ.ടി | 1-4-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | നഞ്ച കമ്മിറ്റി തീരുമാനമില്ലാതെ ക്രമവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു | 2-1 | |
| 13 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-2 | |
| 14 | ഡി&ഓ ലൈസൻസ് -അപാകതകൾ | 2-3 | |
| | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| 15 | പുതിയ തുറന്ന കുടിവെള്ള കിണർ (ജനറൽ)- അപാകതകൾ | 3-1 | |
| 16 | പരിരക്ഷ – മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല | 3-2 | |
| 17 | കൃഷിഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-3 | |
| 18 | ഭവന പുനരുദ്ധാരണം ജനറൽ- അപാകതകൾ | 3-4 | |
| 19 | മുറിച്ചുമാറ്റിയ മരം ലേലം ചെയ്യാത്തതുമൂലം നഷ്ടം | 3-5 | |
| 20 | അതുല്യം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപരിപാടി)- നിർവ്വഹണം ക്രമപ്രകാരമല്ല | 3-6 | |
| 21 | എസ്.എസ്.എ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-7 | |
| 22 | തെരുവ് വിളക്കുകളുടെ പരിപാലനം വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. | 3-8 | |
| 23 | ആർജ്ജിതാവധി സറണ്ടർ- അധികം നല്കിയത് | 3-9 | |
| 24 | ആശ്രയ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-10 | |
| 25 | ഉപജില്ലാ കലോൽസവം സംഭാവന- സർക്കാർ ഉത്തരവനുസരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-11 | |
| 26 | തുല്യതാ പഠനം-മോണിറ്ററിംഗ് നടത്തിയില്ല- പദ്ധതി പ്രവർത്തനം പണം നൽകൽ മാത്രം | 3-12 | |
| 27 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയതിൽ അസാധാരണമായ കാലതാമസം | 3-13 | |
| 28 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-14 | |
| 29 | പ്രവർത്തിക്കാത്ത സാംസ്കാരിക നിലയം വായനശാലയ്ക്ക് പത്രമാസികകൾ | 3-15 | |
| 30 | എസ്.സി.വിദ്യാർത്ഥിനികൾക്ക് സൈക്കിൾ പ്രൊജക്ട് നടത്തിപ്പിൽ -അപാകതകൾ | 3-16 | |
| 31 | ഐ.എ.വൈ. ഭവന നിർമ്മാണം- ബ്ലോക്ക പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ വിവരമില്ല | 3-17 | |
| 32 | എസ്. സി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണ പദ്ധതി- അപാകതകൾ | 3-18 | |
| 33 | എൽ സി ജി ഡി എഞ്ചിനീയറിംഗ് വിഭാഗം -പദ്ധതി നടത്തിപ്പ് | 3-19 | |
| 34 | പരിരക്ഷ ഹോംകെയർ ടീം -അധിക ചെലവ് അംഗീകരിക്കുന്നില്ല | 3-20 | |
| 35 | സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാലേഷൻ വിശദാംശം ലഭ്യമല്ല-ചെലവു തുക തടസ്സം ചെയ്യുന്നു | 3-21 | |
| 36 | അംഗനവാടികളുടെ അടിസ്ഥാന സൗകര്യം -അടിയന്തിര നടപടി സ്വീകരിക്കണം | 3-22 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 38 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23-3-2016 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 23-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 9-12-2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

വാർഷിക കണക്കിലെ അപാകതകൾ

എ) വാർഷിക കണക്കുകൾ പഞ്ചായത്ത് സമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച ശേഷം ,ഓഡിറ്റിന് മുമ്പും, ഓഡിറ്റിന് ശേഷവും ,വാർഷിക കണക്കിൽ മാററം വരുത്തുന്നതായി കാണുന്നു.

i) പഞ്ചായത്ത് സമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2014-15 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരവും രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരവും 31-03-2015ലെ VPFA I നീക്കിയിരിപ്പ് 68,83,522 രൂപയാണ്.എന്നാൽ ഓഡിറ്റിന് സമർപ്പിച്ച2015-16 സാമ്പത്തിക വർഷത്തെ രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം 01/04/2015 ലെ VPFA I അക്കൗണ്ടിലെ മുന്നിരിപ്പ് 66,32,252 രൂപയാണ്.ഓഡിറ്റ് നടത്തിയ ശേഷം ആ വർഷത്തെ കണക്കിൽ 2,51,270 രൂപ

ചെലവ് രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണം.

ii)പഞ്ചായത്ത് സമിതി 19/07/2016ൽ അംഗീകരിച്ച് 30/7/2016ൽ ഓഡിറ്റിന് സമർപ്പിച്ച 2015-16 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരവും രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരവും 31-03-2016ലെ SBT OWN (57006636946) നീക്കിയിരിപ്പ് 19,02,526 രൂപയാണ്.എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് സമയത്ത് പ്രസ്തുത ബാങ്ക് ബുക്ക് പരിശോധനയിൽ ഈ അക്കൗണ്ട് നീക്കിയിരിപ്പ് 18,32,589 രൂപയാണെന്ന് കാണകയുണ്ടായി.പഞ്ചായത്ത് സമിതി അംഗീകരിച്ച് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച ശേഷം 2015-16കണക്കിൽ 69,937രൂപ ചെലവ് രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണം.ഇതിന് പുറമെ 61,480രൂപയുടെ ട്രാൻസ്ഫർ എന്ട്രിയും രേഖപ്പെടുത്തിയിട്ടുണ്ട്.(251100102 Pre-primary educaton-scp Dr./160100317 state sponsored schemes-pre primary education to SC children.Cr). മേൽ വ്യത്യാസങ്ങൾ പഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ബി) ഡി.സി.ബി. തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡി.സി.ബി കണക്കുകൾ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും, മറ്റ് വരവിനങ്ങളുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരവും ഉള്ള തുകകൾ വാർഷിക കണക്കികളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

i)വസ്തുനികുതി (തൻവർഷം)

| | ഡിമാന്റ് (1) | കളക്ഷൻ (2) | മുൻവർഷത്തെ മുൻകൂർ ക്രമീകരിച്ചത്.(3) | ബാലൻസ് (4) | അടുത്ത വർഷത്തേക്കുള്ള മുൻകൂർ (5) | കുറിപ്പ് |
|---|---|---|---|---|---|---|
| ഡി.സി.ബി | 34,49,194 | 15,51,069 | 3,33,170 | 16,68,114 | 1,72,750 | ബാലൻസ് തുക 15,64,955 രൂപയാണ് വരേണ്ടത്. (1-(2+3)=4) |
| വാർഷിക കണക്കുകൾ | ഇല്ല | 16,72,060 (RP-43, Non res+res) | ഇല്ല | -970900 (BS-15) | - | |

ii)വസ്തുനികുതി(കുടിശ്ശിക)

| | ഡിമാന്റ് (1) | കളക്ഷൻ (2) | ബാലൻസ് (3) | കുറിപ്പ് |
|---|---|---|---|---|
| ഡി.സി.ബി | 31,24,566 | 7,48,296 | 24,79,372 | ബാലൻസ് തുക 23,76,270 രൂപയാണ് വരേണ്ടത്. |
| വാർഷിക കണക്കുകൾ | 11,107 (OB) | 7,78,037 (R&P) | -7,66,930 (BS) | - |

iii)തൊഴിൽ നികുതി(സ്ഥാപനങ്ങൾ)

| | ഡിമാന്റ് (1) | കളക്ഷൻ (2) | ബാലൻസ് (3) | കുറിപ്പ് |
|---|---|---|---|---|
| ഡി.സി.ബി | 2,26,280 | 2,26,280 | ഇല്ല | |

| | | | | |
|---|---|---|---|---|
| വാർഷിക കണക്കുകൾ | 2,27,780 | 2,27,780 | ഇല്ല | (I&E ,R&P) |

iv)തൊഴിൽ നികുതി(ജീവനക്കാർ)

| | ഡിമാന്റ് (1) | കളക്ഷൻ (2) | ബാലൻസ് (3) | കുറിപ്പ് |
|---|---|---|---|---|
| ഡി.സി.ബി | 6,95,528 | 6,95,528 | ഇല്ല | |
| വാർഷിക കണക്കുകൾ | 7,20,778 | 7,20,778 | ഇല്ല | (I&E ,R&P) |

സി) വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്താതെ വാർഷിക കണക്കുകൾ തയ്യാറാക്കി, മിച്ചം കമ്മിയായി മാറി;ബാലൻസ് ഷീറ്റിൽ 17.37ലക്ഷം രൂപയുടെ ഇല്ലാത്ത ബാധ്യത രേഖപ്പെടുത്തി.

വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡി.സി.ബി കണക്കുകൾ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2015-16 ലെ തൻവർഷ വസ്തുനികുതി ഡിമാന്റ് തുകയായ 34,49,194രൂപ ജേർണൽ എന്ട്രി മുഖേന സാംഖ്യ കണക്കിൽ ഉൾപ്പെടുത്തിയില്ല. വസ്തുനികുതിയിനത്തിലുള്ള ഇത്രയും തുക വരുമാനം രേഖപ്പെടുത്താത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം,വർഷാന്ത്യ ഫലമായി 24,43,850 രൂപ മിച്ചം രേഖപ്പെടുത്തേണ്ടിടത്ത് 10,05,344രൂപ കമ്മിയും ബാലൻസ്ഷീറ്റിൽ വസ്തുനികുതി കിട്ടാനുള്ളത് (തൻവർഷം )എന്നയിനത്തിൽ രേഖപ്പെടുത്താത്തതിനാൽ 34,49,194രൂപ കുറവ് ആസ്തിയും രേഖപ്പെടുത്തിയ വാർഷിക കണക്കുകളാണ് ഓഡിററിന് സമർപ്പിച്ചിട്ടുള്ളത്.

ഇതിന് പുറമെ 31/03/2015 ലെ വസ്തുനികുതികിട്ടാനുള്ളത്(തൻവർഷം) കുടിശ്ശികയായ 11,107 രൂപ 2015-16സാമ്പത്തിക വർഷാരംഭത്തിൽ വസ്തുനികുതി (കുടിശ്ശിക )കണക്കിലേക്ക് മാറ്റുകയുണ്ടായില്ല.

ഈ രണ്ടു എന്ട്രികൾ രേഖപ്പെടുത്താതെ ഈയിനത്തിലുള്ള വരവുകൾക്ക് , ഈ ആസ്തി ശീർഷകങ്ങൾ ക്രെഡിറ്റ് ചെയ്ത് ,രസീപ്റ്റ് നല്കിയതിനാൽ വർഷാവസാനം ഈ ആസ്തി ഇനങ്ങളിൽ ക്രെഡിറ്റ് ബാലൻസ് (അതായത്,ബാധ്യത) കാണുന്നു.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ,ബി-15

| | |
|---|---|
| വസ്തുനികുതി കിട്ടാനുള്ളത്(താമസം)(തൻവർഷം) | -7,91,366 |
| വസ്തുനികുതി കിട്ടാനുള്ളത്(താമസം)(കുടിശ്ശിക) | -6,19,205 |
| വസ്തുനികുതി കിട്ടാനുള്ളത്(വാണിജ്യ)(തൻവർഷം) | -1,79,534 |
| വസ്തുനികുതി കിട്ടാനുള്ളത്(വാണിജ്യ)(കുടിശ്ശിക) | -1,47,725 |
| ആകെ | -17,37,830 |

കൃത്യമായ എന്ട്രികൾ നടത്താത്തതിനാൽ ബാലൻസ്ഷീറ്റ് പ്രകാരം 17,37,830 രൂപ ,വസ്തുനികുതിയിനത്തിൽ കെട്ടിട ഉടമകൾക്ക് തിരികെ നല്കാനുണ്ട് ,എന്നാണ് കാണുന്നത്.

ഡി) ഓഡിറ്റിന് സമർപ്പിച്ച 2015-16 വർഷത്തെ വാർഷിക കണക്കുകൾ പഞ്ചായത്ത് 19/07/2016 ൽ കൂടിയ യോഗത്തിൽ അംഗീകരിക്കുകയുണ്ടായി. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം 2015-16 വർഷത്തിൽ 10,05,344 രൂപ കമ്മി (നഷ്ടം) ഉണ്ടായിരിക്കെ 10,05,344 രൂപ മിച്ചം ഉള്ളതായി യോഗത്തിൽ അവതരിപ്പിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഇ) 2015-16 ലെ വാർഷികകണക്കുകളിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പുകളുടെ കൃത്യത അവയുടെ നേരെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| ബാങ്ക് /ട്രഷറി അക്കൗണ്ട് | നീക്കിയിരിപ്പ് | |
|---|---|---|
| ടി.പി.എ 35 | 14,801 | നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ പാസ്സ്ബുക്കിൽ വരുത്തിയിട്ടില്ല. |

| | | |
|---|---|---|
| വി.പി.എഫ് I | 13744 | പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല |

എഫ്) രസീത് കൗണ്ടർ ഫോയിൽ ഹാജരാക്കിയില്ല.

രസീത് പരിശോധനയിൽ നമ്പർ 11604103649 തീയ്യതി 5/10/16 ,497രൂപ രസീത് ഓഡിററിന് ഹാജരാക്കിയില്ല.അസ്സൽ രസീത് കൗണ്ടർ ഫോയിൽ നഷ്ടപ്പെട്ടതിനാൽ രസീതിന്റെ പകർപ്പ് കക്ഷിയിൽ നിന്നും ലഭ്യമാക്കി ഓഡിററിന് ഹാജരാക്കി. ഓരോ ദിവസത്തേയും രസീത് കൗണ്ടർ ഫോയിലുകൾ നഷ്ടപ്പെടാതെ ,പരിശോധനക്കായി രസീത് നമ്പർ ക്രമത്തിൽ സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.

ജി) സാംഖ്യ സോഫ്റ്റ് വെയറിൽ ട്രയൽ ബാലന്സിൽ തുക കണക്കാക്കിയതിൽ തെറ്റ്.

സാംഖ്യ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതും, 2015-16 ൽ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചതുമായ ട്രയൽ ബാലൻസിൽ 4 കോളങ്ങളിൽ ആകെ തുക കണക്കാക്കിയതിൽ തെറ്റ് വന്നതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | OB-DEBIT | OB-CREDIT | TRANS.DEBIT | TRANS.CREDIT | CB-DEBIT | CB-CREDIT |
|---|---|---|---|---|---|---|
| സാംഖ്യ പ്രകാരം ആകെ തുക | 3,62,45,498 | 3,62,45,498 | 21,59,414,08 | 21,59,414,08 | 25,21,86,906 | 25,21,86,906 |
| യഥാർത്ഥ തുക | 3,62,45,498 | 3,62,45,498 | 21,55,77,408 | 21,55,77,408 | 10,74,38,701 | 10,74,38,701 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി- 27 തി 19/12/2016പ്രകാരം പരിശോധന നടത്തി,,സാംഖ്യ സോഫ്റ്റ് വെയറിൽ സംഭവിച്ച തെറ്റ് തിരുത്തുന്നതിന് ഐ.കെ.എമ്മിന് ടെക്നിക്കൽ അസിസ്റ്റന്റ് കത്ത് നല്കിയിട്ടുണ്ട്. കമ്പ്യൂട്ടർ അധിഷ്ഠിത സാംഖ്യ സോഫ്റ്റ് വെയറിൽ ഇപ്രകാരം കണക്കുകൂട്ടുന്നതിൽ തെറ്റ് സംഭവിച്ചത് ഗുരുതര പിഴവായി കാണേണ്ടിയിരിക്കുന്നു.സാംഖ്യ സോഫ്റ്റ് വെയറിന്റെ ഡാറ്റാ ബേസിൽ നേരിട്ട് മാറ്റം വരുത്തൽ നടത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇത് സംബന്ധിച്ച് ഐ.കെ.എമ്മി ന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 22028167

വരവ് - 33316284

ആകെ - 55344451

ചെലവ് – 42951742

നീക്കിയിരിപ്പ്- 12392709

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് (ശതമാനം) | നീക്കി യിരിപ്പ് തുക (ലാപ്സ്ഡ്) | നീക്കി യിരിപ്പ് (RP 40b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2376569 | 11422246 | 3899232 | 13798815 | 7918103 (57.38) | 5880712 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 2456555 | 4834755 | (-) 10755 | 7280555 | 6319766 (86.80) | 960789 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 884961 | 6343000 | 0 | 7227961 | 6841395 (94.65) | 386566 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 959435 | 1807000 | 0 | 2766435 | 1450745 (52.44) | 1315690 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1031470 | 4450130 | (-) 1353477 | 4128123 | 4127675 (99.99) | 448 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2535000 | 2535000 | (-) 2535000 | 2535000 | 2398194 (94.60) | 136806 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 4708 | 9137172 | 0 | 9141880 | 9140817 (99.99) | 0 | 1063 |
| ബി ഫണ്ട് | 0 | 29245270 | 0 | 29245270 | 29245270 (100) | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 4,65,61,355 | 139 | 3,37,14,717 | 32 | 4 | 79.43 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.45 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 49,54,241 | 34,82,231 | 14,72,010 | (-) 29.71 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 5,51,252 | 4,52,020 | 99,232 | (-) 18 |
| മറ്റുവരവുകൾ | 2,83,491 | 4,32,414 | 1,48,923 | (+) 52.523 |
| ആകെ | 5,78,87,984 | 43,66,665 | 1422319 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91,080 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 31,15,950 | 377 |
| വിധവാപെൻഷൻ | 1,09,19,720 | 1195 |
| വാർദ്ധക്യകാലപെൻഷൻ | 1,09,15,500 | 1674 |
| വികലാംഗപെൻഷൻ | 30,69,855 | 318 |
| വിവാഹധനസഹായം | 1,10,000 | 5 |
| അവിവാഹിതപെൻഷൻ | 6,60,120 | 68 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12-2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17845 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമസഭ

1.1.2015 മുതൽ 31.12.2015 വരെയുള്ള കാലയളവിൽ ഗ്രാമസഭകൾ ചേർന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഭൂരിഭാഗം വാർഡുകളിലും 3വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ടെങ്കിലും 2വീതം ഗ്രാമസഭകളിൽ മാത്രമെ ക്വാറം തികഞ്ഞിട്ടുള്ളൂ. ഗ്രാമസഭയോഗങ്ങളുടെ മിനിറ്റ്സിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. എടുക്കുന്ന തീരുമാനങ്ങൾ മിനിറ്റ്സ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. വാർഷിക പദ്ധതിതയ്യാറാക്കുന്നത്, വാർഷികഭരണറിപ്പോർട്ട്, വാർഷികകണക്ക് സ്റ്റേറ്റ്മെന്റ്, വിവിധഓഡിറ്റ് റിപ്പോർട്ടുകൾ, അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ചർച്ച , പദ്ധതിപുരോഗതി, മോണിറ്ററിങ്ങ് എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള ചർച്ച നടത്തിയതായി കാണുന്നില്ല.

2.ലോഗ്ബുക്ക് അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ KL-54A-5718 ബോലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തു കാണുന്നില്ല.

3. മുൻകൂർ രജിസ്റ്ററിൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4.ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം

വസ്തു നികുതിയോടൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ് സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അസാധാരണമായ കാലതാമസം വരുത്തിയതായി കാണുന്നു.2014-15 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലും 2015-16 അർദ്ധ വർഷവും പിരിച്ചെടുത്ത ലൈബ്രറി സെസ്സ് തുകയായ 2,42,096 രൂപ ( 2014-15 ൽ 208452 രൂപ, 2015-16 ഒന്നാം അർദ്ധവർഷം 33644 രൂപ)10-12-2015 ന മാത്രമാണ് കൗൺസിലിന് അടവാക്കിയത്. ( വൗച്ചർ 21500572/10-12-15)സർക്കാർ നിർദ്ദേശമനുസരിച്ചുള്ള കാലയളവിൽ തന്നെ ഒടുക്ക് വരുത്തേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് മൂന്നാം പട്ടിക പ്രകാരം സർക്കാർ സ്കൂളുകളും പ്രീപ്രൈമറി സ്കൂളുകളും ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്ന സ്ഥാപനങ്ങളാണ്. അവയുടെ പ്രോത്സാഹനത്തിനു വിരുദ്ധമായി

അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രവർത്തനത്തിനായി ഗ്രാമ പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടതായി കാണുന്നു.

(തീരുമാനം 30-10-2015 ലെ 3(1) നമ്പർ തീരുമാനം -നന്നംമുക്ക് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പിടാവന്നൂർ ദേശത്ത് കഴിഞ്ഞ 39 വർഷത്തോളമായി പ്രവർത്തിക്കുന്ന ഡേവിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന സ്ഥാപനം ഈ പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലെയും കുട്ടികൾക്ക് വളരെ പ്രയോജനകരമായ രീതിയിൽ വിദ്യാഭ്യാസ രംഗത്ത് മുതൽക്കൂട്ടാകുന്ന സ്ഥാപനമാകുന്നു.പ്രസ്തുത സ്കൂളിന് 2.25 ഏക്കർ സ്ഥലവും കെട്ടിടങ്ങളും വിശാലമായ കളിസ്ഥലവും ലൈബ്രറിയും കംപ്യൂട്ടർ ലാബും ടോയ്ലറ്റുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളെല്ലാമുണ്ടെങ്കിലും സ്കൂളിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാത്തതിനാൽ കുട്ടികൾ കുറയുന്ന സാഹചര്യം നിലനിൽക്കുന്നു.2013-14 ൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സ്കൂൾ അധികൃതർ അപേക്ഷിച്ചിരുന്നുവെങ്കിലും കുട്ടികൾ കുറവായ കാരണത്താൽ അപേക്ഷ നിരസിക്കുകയാണുണ്ടായത്. അംഗീകാരം ലഭിക്കുകയാണെങ്കിൽ ആവശ്യത്തിനു വിദ്യാർത്ഥികളെ ലഭിക്കുമെന്ന് സ്കൂൾ മാനേജ്മെന്റിനും പി.ടി.എ ക്കും ഉറപ്പുണ്ടെന്ന് ഈ ഓഫീസിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ സ്കൂളിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ അനുകൂലമായ നടപടികൾക്കായി സംസ്ഥാന സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.12.2016 | 1.11.2016 -30.11.2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2010 | 2005-06 മുതൽ 2009-10 വരെ | 03.07.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഞ്ച കമ്മിറ്റി തീരുമാനമില്ലാതെ ക്രമവിരുദ്ധമായി പെർമിറ്റ് അനുവദിച്ചു

വില്ലേജ് ഓഫീസർ "wet" എന്ന് രേഖപ്പെടുത്തി നല്കിയ കൈവശാവകാശ സാക്ഷ്യപത്രം ഹാജരാക്കിയ ബിൽഡിങ് പെർമിറ്റ് അപേക്ഷകർക്ക് , നഞ്ച കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നല്കിയതായി കാണുന്നുണ്ട്. എന്നാൽ ഈ കമ്മിറ്റി യോഗം ചേരുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 4545/ആർ.എ.1/11ത.സ്വ.ഭ.വ, തിരു.22/1/2011 ആയി പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

എ) 2015-16 സാമ്പത്തിക വർഷത്തിൽ 11/06/2015 ൽ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ യോഗത്തിൽ 3 അപേക്ഷകൾ പരിഗണിക്കുകയും 2 അപേക്ഷകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.(ചുവടെ ചേർത്തിരിക്കുന്ന പട്ടിക ക്ര.നം.1,2,).സെക്രട്ടറിയും കൃഷി ഓഫീസറും മാത്രമാണ് ഈ യോഗത്തിൽ പങ്കെടുത്തത്. അസിസ്റ്റൻറ് എഞ്ചിനീയർ , വില്ലേജ് ഓഫീസർ എന്നിവർ യോഗത്തിൽ പങ്കെടുത്തിട്ടില്ല.റവന്യ വകുപ്പിൻറെ പ്രതിനിധികൾ നിർബന്ധമായും പങ്കെടുക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

ബി) ഈ കമ്മിറ്റി 3 അപേക്ഷകളും പരിശോധിക്കുന്നതിന് സ്ഥലപരിശോധന നടത്തുകയോ ,സ്ഥലത്തിൻറെ ഫോട്ടോ എടുക്കുകയോ ,മഹസ്സർ തയ്യാറാക്കുകയോ ചെയ്തതിതിൻറെ രേഖകൾ ലഭ്യമല്ല.

സി) ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പ്രകാരം (01.07.2015 മുതലുള്ള രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമായത്) ഈ കാലയളവിൽ ഇപ്രകാരം നഞ്ച കമ്മിറ്റി തീരുമാനത്തിന് വിധേയമായി 7അപേക്ഷകൾ അംഗീകരിച്ച് പെർമിറ്റ് നല്കിയതായി കാണുന്നുണ്ട്.എന്നാൽ 11/06/2015 ൽ ഒഴികെ കമ്മിറ്റി യോഗം ചേർന്നതിന്റെ രേഖകളൊ, ഏതെങ്കിലും അപേക്ഷകൾക്ക് സ്ഥല പരിശോധന നടത്തി മഹസ്സർ തയ്യാറാക്കിയതിൻറയൊ രേഖകൾ ലഭ്യമല്ല. ഇപ്രകാരം പെർമിറ്റ് നല്കിയ അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രം.ന. | പെർമിറ്റ് രജിസ്റ്റർ ക്ര.നം. | അപേക്ഷകൻ | കെട്ടിട ത്തിന്റെ വിസ്തീർണ്ണം (ച.മീ.) | പെർമിറ്റ് നം. തീയ്യതി. | നഞ്ച കമ്മിറ്റി തീരുമാനം നമ്പർ ആയി പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നത്. | ന്യൂനത |
|---|---|---|---|---|---|---|
| 01 | 04 | ശ്രീ.അബൂബക്കർ & മിസ്റിയ, അമയിൽ വീട്. | 145.65 | A4/04/2843/15 ,14/07/2015 | 2, 11/06/2015 | മേൽ ഖണ്ഡികയിലെ ക്രമ നമ്പർ എ,ബി |
| 02 | 21 | ശ്രീ.മുഹമ്മദ്,ചിറ്റയിൽ വീട്. | 241.56 | A4/21/1661/15 ,25/08/2015 | 3, 11/06/2015 | മേൽ ഖണ്ഡികയിലെ ക്രമ നമ്പർ എ,ബി |
| 03 | 44 | ശ്രീമതി.വാസന്തി, കുന്നേത്ത് വീട്. | 148.30 | A4/44/6453/15, 21/10/2015 | 02, 07/10/2015 | കമ്മിറ്റി യോഗം ചേർന്നതിന്റെയോ മഹസ്സർ തയ്യാറാക്കിയ തിന്റെയോ രേഖകൾ ലഭ്യമല്ല |
| 04 | 45 | ശ്രീ.ബാലൻ കെ. കാരകണ്ടത്ത് വീട്. | 147.95 | A4/45/6328/15, 21/10/2015 | 02, 07/10/2015 | " |
| 05 | 46 | ശ്രീ.പ്രശാന്ത് & സൗമ്യ, ചാരപ്പറമ്പിൽ വീട്. | 134.08 | A4/46/4664/15, 21/10/2015 | 01, 07/10/2015 | " |
| 06 | 50 | ശ്രീ.മൊയ്തുണ്ണി, അടിച്ചുകുളങ്ങര വീട്. | 273.59 | A4/50/1406/15, 09/11/2015 | 03, 07/10/2015 | " |
| 07 | 75 | ശ്രീ.കൃഷ്ണൻകുട്ടി & റീന, മൂർത്തട്ടിൽ വീട്. | 187.22 | A4/75/5867/15, 04/01/2016 | നമ്പർ ഇല്ല. 07/10/2015 | " |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി-26 തീ.17/12/2016 ന് മറുപടി ലഭ്യമാക്കിയില്ല. ക്രമവിരുദ്ധമായി ബിൽഡിങ്ങ് പെർമിറ്റ് നല്കിയ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 2-2 തൊഴിൽ നികുതി പിരിവ് അപാകതകൾ

എ) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി തൻവർഷത്തിൽ പൂർണമായോ ഭാഗികമായോ അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലി സ്റ്റോർ | 1,2 |
| ബിഎസ്എൻഎൽ | 1,2 |
| സൗത്ത് ഇന്ത്യൻ ബാങ്ക് ചങ്ങരംകുളം | 1 |
| കെഎസ്ഇബി ചങ്ങരംകുളം | 1,2 |
| നന്നംമുക്ക് മൾട്ടിപർപ്പസ് കോപറേറ്റീവ് സൊസൈറ്റി | 1,2 |

ബി) താഴെപ്പറയുന്ന ജീവനക്കാർ കുറവായാണ് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്.

| പേരും തസ്തികയും അർദ്ധവർഷവും | അർദ്ധവാർഷിക വരുമാനം | അടവാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയ തൊഴിൽ നികുതി | കുടിശ്ശിക |
|---|---|---|---|---|
| ശ്രുപകുമാരി,ആയ,ഗവ.നഴ്സറിസ്കൂൾ (1) | 105742 | 1000 | 750 | 250 |
| ലതബിജു,ഫാർമസിസ്റ്റ് സൺറൈസ് ആശുപത്രി (1) | 45560 | 450 | 300 | 150 |
| ശാന്ത.കെ.സി., അറ്റൻഡർ, പിഎച്ച്സി നന്നംമുക്ക്(2) | 126206 | 1250 | 1000 | 250 |
| പുഷ്പാകുമാർ, അസി.ഫീൽഡ് ഓഫീസർ വെറ്റർനറി ഡിസ്പൻസറി(1) | 127440 | 1250 | - | 1250 |
| ആകെ | | 3950 | 2050 | 1900 |

സി) എൽ.എസ്.ജി.ഡി ഓഫീസിലെ താൽകാലിക ജീവനക്കാർ, എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ, ഗ്രാമ പഞ്ചായത്ത് ഓഫീസിലെ താൽകാലിക ജീവനക്കാർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. കുടിശ്ശികയുള്ള തൊഴിൽ നികുതി പിഴ സഹിതം ഈടാക്കേണ്ടതാണ്.മേൽ കക്ഷികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചു തുടങ്ങിയതായി സെക്രട്ടറി അറിയിച്ചു. കുടിശ്ശികയുള്ള തൊഴിൽ നികുതി പിഴസഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ഡി&ഓ ലൈസൻസ് -അപാകതകൾ

ഡി&ഓ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ട് എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായികാണുന്നില്ല.
2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒരുദിവസത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് കുറഞ്ഞനിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| പേര് | ഒരു ദിവസത്തെ വിറ്റുവരവ് | അടവാക്കേണ്ട ഫീസ് | അടവാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|
| അബ്ദുൾ ജലീൽ നിരവത്ത് വളപ്പിൽ (പെട്രോൾപമ്പ്) | 40000 | 1000 | 500 | 500 |
| കെടിഡിസി റസ്റ്റോറന്റ് ലിമിറ്റഡ് ചങ്ങരംകുളം | 50000 | 1000 | 200 | 800 |
| മാവേലിസ്റ്റോർ നന്നമുക്ക് | 18000 | 500 | 200 | 300 |
| ആകെ | | 2500 | 900 | 1600 |

കുടിശ്ശികയുള്ള ലൈസൻസ് ഫീസ് പിഴസഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുതിയ തുറന്ന കുടിവെള്ള കിണർ നിർമ്മാണം (ജനറൽ)- അപാകതകൾ

പുതിയ തുറന്ന കുടിവെള്ള കിണർ നിർമ്മാണം (ജനറൽ)2014-15 (spillover)

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ട്രഷറി ബിൽ നം,തുക -1/15-16/ 15.2.16, 15000/-

5/15-16/31.3.16, 15000/-

6/15-16/ 31.3.16, 60000/-

15000/-രൂപ വീതം ഗുണഭോക്താക്കൾക്ക് കിണർ നിർമാണത്തിനായി ധനസഹായം നൽകുന്ന ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹതയുള്ള വരുമാന പരിധിയായ 50,000/- രൂപയിൽ താഴെ പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ലാത്തതിനാൽ ചെലവു തുക 30,000 രൂപ തടസ്സം ചെയ്യുന്നു.

1. വേലായുധൻ കോമത്തുർ മുക്കുതല
2.ധന്യ പനക്കാട്ട് ,നന്നംമുക്ക്
3. കേശവൻ, കണ്ടിരുത്തി, മുക്കുതല

ഈവിഷയത്തിൽ എൻക്വയറി നമ്പർ. 3/13.12.2016 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി തൃപ്തികരമല്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-2 പരിരക്ഷ - മെഡിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റിന്റെ പേര് – പരിരക്ഷ – മരുന്ന് വാങ്ങൽ (S0019/16, 15/16)

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽഓഫീസർ സിഎച്ച്സി

ട്രഷറിബിൽനമ്പർ,തുക – 7/15-16 /28.3.16 , 50,000/-

8/15-16/28.3.16 ; 1,84,600/-

മേൽ തുകകൾ ഡിഡി നമ്പർ 238121/ 22.4.2016 , 238122/22.4.2016 പ്രകാരം പരിരക്ഷ രോഗികൾക്കായി മരുന്ന് വാങ്ങുന്നതിനായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായതായി കാണുന്നില്ല.

മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ചെലവ് തുക 2,34,600/- രൂപ തടസ്സം ചെയ്യുന്നു.

## 3-3 കൃഷിഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ

1)പുരയിടകൃഷിവികസനം - തെങ്ങിന് ജൈവവളം

നിർവ്വഹണഉദ്യോഗസ്ഥൻ- കൃഷിഓഫീസർ

ട്രഷറിബിൽനം,തുക - NMK2/15-16/26.3.16 ; 327573/-

NMK3/15-16/28.3.16 ; 95152/-

NMK6/15-16/30.3.16 ; 24875/-

കൃഷിഓഫീസർ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്റ്റിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് മാത്രമെ ഹാജരാക്കിയിട്ടുള്ളൂ. ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെഅപേക്ഷ,കൈവശഭൂമി, ആകെയുള്ള തെങ്ങുകളുടെഎണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബി. തുക കൈപ്പറ്റിയതായുള്ള കർഷകരുടെ കൈപ്പറ്റ് രശീത് ഇല്ല.

സി. ധനസഹായം കർഷകർക്ക് കൈമാറിയിട്ടുണ്ടെന്നുള്ള ബാങ്കിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ചെലവ്തുക 4,64,300/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2. പച്ചക്കറികൃഷി ടെറസിലും മുറ്റത്തും

ട്രഷറിബിൽനം ,തുക – NMK4/15-16/ 28.3.16; 140250/-

450 /-രൂപവീതം ഗുണഭോക്തൃ വിഹിതവും ഗ്രാമപഞ്ചായത്ത് ഫണ്ടും ചേർത്ത് ഗ്രോ ബാഗുകളും വിത്തുകളും വിതരണം നടത്തിയതായുള്ള മേൽ പ്രോജക്റ്റിന്റെയും വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.
ചെലവ്തുക 140250/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-4 ഭവന പുനരുദ്ധാരണം ജനറൽ– അപാകതകൾ

ഭവന പുനരുദ്ധാരണം (ജനറൽ) - S089/16

നിർവ്വഹണഉദ്യോഗസ്ഥൻ - വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ

ട്രഷറി ബിൽനം ,തുക - 4/15-16 /31.3.16 , 360000/-

- 2/15-16/ 15.2.16 , 150000/-

34 ഗുണഭോക്താക്കൾക്കായി 15000/- രൂപ വീതം ഭവനപുനരുദ്ധാരണത്തിനായി നൽകിയ മേൽ പ്രോജക്റ്റിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ധനസഹായത്തിന് അർഹമായ വരുമാന പരിധിയായ 50,000/- രൂപയിൽ താഴെ പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ ഹാജരാക്കുകയുണ്ടായില്ല.

1). ബീവാത്തു താണിയത്ത്

2). കദീജകൊടക്കാട്ടുവളപ്പിൽ

3). പ്രേമാവതിഅമ്മഅങ്ങേപ്പാട്ടയിൽ

4). ഫാത്തിമ വെട്ടലേത്ത്പറമ്പിൽ

5). മുഹമ്മദ് വലിയകത്ത്

6). കദീജതൊഴവന്നൂർവീട്

7). മുഹമ്മദാലി ബദരിയപറമ്പിൽ

8). ബാലൻവടക്കേപുരക്കൽ

9). കമലാക്ഷിതലേക്കര

10). മൊയ്തുപടാത്ത്

കൂടാതെ ഭവന പുനരുദ്ധാരണം സംബന്ധിച്ച് റഫ്എസ്റ്റിമേറ്റ് എടുത്തതായി കാണുന്നില്ല.അതോടൊപ്പം ഏകദേശം15000/- രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നുള്ള വാല്യുവേഷൻ ആണ് ഭൂരിഭാഗം അപേക്ഷകളിലും ഹാജരാക്കിയിട്ടുള്ളത്.അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സ്വയം ബോധ്യപ്പെട്ടാണ് പദ്ധതി നടപ്പിലാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മുറിച്ചുമാറ്റിയ മരം ലേലം ചെയ്യാത്തതുമൂലം നഷ്ടം

പള്ളിക്കര തെക്കുമുറി ഭാഗത്ത് അപകടാവസ്ഥയിലായിരുന്ന പൂമരം ഭരണസമിതി തീരുമാനത്തെ തുടർന്ന് (തീരുമാനം നം.2(1)/ 6-7-15) മുറിച്ച് മാറ്റിയതായി എ2 സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2000/- രൂപ ക്വട്ടേഷൻ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ( വൗച്ചർ നം.440/ 7-10-15) മുറിച്ച് മാറ്റിയ മരം ലേലം ചെയ്തതിന്റെയോ ഉപയോഗപ്പെടുത്തിയതിന്റെയോ വിവരം ലഭ്യമല്ല. ആയതിന് നടപടികൾ സ്വീകരിച്ച് ലേല തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 3-6 അതുല്യം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപരിപാടി)- നിർവ്വഹണം

<u>ക്രമപ്രകാരമല്ല</u>
നിർവ്വഹണം -സെക്രട്ടറി

പ്രോജക്ട്-S053/16(വികസന ഫണ്ട്)
അടങ്കൽ - 90,000 രൂപ

ബിൽ നമ്പർ -5/15-16. തി.29.7.15

പഞ്ചായത്തിലെ നിരക്ഷരരായവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്ന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണ രേഖ കൾ പരിശോധിച്ചതിൽ 2015 ജൂൺ 7ന് നടന്ന നാലാം തരം പരീക്ഷയിൽ പങ്കെടുത്തവരുടെ ഹാജർ പട്ടികയിൽ ഉള്ള 175 പേരിൽ സാക്ഷരതാ പ്രവർത്തകരും ജനപ്രതിനിധികളും ഉൾപ്പെട്ടതായി കാണുന്നു. പഠിതാക്കളുടെ മാത്രം കൃത്യമായ എണ്ണം വ്യക്തമല്ല .ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹോണറേറിയം (11ഇൻസ്ട്രക്ടേഴ്സിന് @3000) | 33000 |
| ഹോണറേറിയം (3 പ്രേരക് @4000) | 12000 |
| ഭക്ഷണം | 8850 |
| സ്റ്റഡി മെറ്റീരിയൽസ്&പ്രിന്റിംഗ് | 3830 |
| ആകെ | 57680 |

12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ (എം.എസ്) 362/13/ത.സ്വ.ഭ.വ തിയ്യതി. 16.11.2013 പ്രകാരം വികസന ഫണ്ട് ചെലവഴിക്കാവുന്ന പരിപാടികളിൽ മേൽ പരാമർശിച്ച കർമ്മപരിപാടികൾ ഉൾപ്പെടുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ തോറും സാക്ഷരത പ്രേരക്മാരെ നിയമിച്ച് വർഷങ്ങളായി ഹോണറേറിയം നൽകി വരുന്നത് ഇത്തരത്തിലുള്ള സാക്ഷരത പരിപാടികൾ ജനങ്ങളിൽ എത്തിക്കുന്നതിന്ന് വേണ്ടിയാണ്. പഞ്ചായത്തിൽ നിലവിൽ അത്തരത്തിൽ സാക്ഷരതാ പ്രേരക് പ്രവർത്തിച്ച് വരുന്നുണ്ട് .ആയതിന്ന് പുറമേ ഇതേ ആവശ്യത്തിനായി വികസന ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. ആയതിൽ തന്നെ ഭക്ഷണം, പഞ്ചായത്ത് എല്ലാ മാസവും ഹോണറേറിയം നൽകുന്ന സാക്ഷരതാ പ്രേരകിനുള്ള ഹോണറേറിയം എന്നിവ നൽകുന്നതിനായി തുക ചെലവഴിച്ചിരിക്കുന്നു.പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതും ഫലപ്രദമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടതുമാണ്.വികസന ഫണ്ടിൽ നിന്നും നൽകിയ 57,680/- രൂപ നിരാകരിക്കുന്നു. ആയത് തിരിച്ചടവാക്കേണ്ടതാണ്.

## 3-7 <u>എസ്.എസ്.എ പ്രൊജക്ട് - അപാകതകൾ.</u>

SSA (ജനറൽ) വിഹിതം – 5 ലക്ഷം – ബിൽ 1/11.12.2015
SSA (SC) വിഹിതം – 3 ലക്ഷം – ബിൽ 2/11.12.2015

1) പ്രൊജക്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്തിന് പങ്കില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സംബന്ധിച്ച ജി.ഒ (എം.എസ്) 225/12 തി. 18.08.2012, പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, എന്നിവ പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ/ പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ പ്രൊജക്ടിന് തുക കൈമാറുന്നതിന് മുമ്പ് മുൻവർഷം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

3) SCP ഫണ്ട് വിനിയോഗം - രേഖകൾ സൂക്ഷിക്കുന്നില്ല.

SSA വിഹിതം നൽകുന്നതിന് SCP ഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ SCP ഫണ്ട് വകയിരുത്തുമ്പോൾ സ്കൂളിൽ പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിക്കുന്നുണ്ട് എന്നാൽ ഇത്തരത്തിൽ പഠനങ്ങളൊന്നും നടത്താതെയാണ് SCP ഫണ്ട് വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയത്.

## 3-8 തെരുവ് വിളക്കുകളുടെ പരിപാലനം വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1.തെരുവ് വിളക്കുകളുടെ എണ്ണം, തരം, എവിടെയെല്ലാം എതെല്ലാ തരം വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം (പോസ്റ്റ് നമ്പർ ഉൾപ്പടെ) അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

3.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കുലർ 65529/DC3/12/ത.സ്വ.ഭ.വ തി. 12.03.2013, BO(FB) നമ്പർ. 496/04 (എൽ.ജി / സി.ഒ.എം 3515/98 തി.23.02.04 KSEB കത്ത് എന്നിവ പ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-9 ആർജ്ജിതാവധി സറണ്ടർ- അധികം നല്കിയത്

21500832/18-3-16 നമ്പർ വൌച്ചർ പ്രകാരം താൽക്കാലിക ജീവനക്കാരനായ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. സുഭാഷിന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ 9,000 രൂപ അനുവദിച്ചിട്ടുണ്ട്. (13500/30*20=9,000). GO(P) No.324/2004/Fin12/7/2014 പ്രകാരം നിലവിലുള്ള 10 ദിവസത്തേക്ക് അനുവദിച്ച ആനുകൂല്യം 20 ദിവസത്തേക്ക് വർധിപ്പിച്ചെങ്കിലും, ഒന്നിലധികം വർഷത്തേക്കുള്ള കരാർ നിയമനം ആണെങ്കിൽ മാത്രമേ നൽകാവൂയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് ഒരു വർഷത്തേക്ക് പരമാവധി സ്വരുക്കൂട്ടാവുന്ന ആർജ്ജിതാവധി 15 മാത്രമായതിനാലും ഒരു വർഷത്തേക്ക് മാത്രമായ കരാർ നിയമനമായതിനാലും 20 ദിവസത്തേക്ക് സറണ്ടർ അനുവദിച്ചത് ക്രമത്തിലല്ല. 13500/30*15=6,750 രൂപ മാത്രമാണ് അർഹത. കൂടാതെ ടിയാന്റെ ലീവ് അക്കൌണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള സെക്രട്ടറിയുടെ അനുമതി ഉത്തരവും ഫയലിൽ ചേർത്തിട്ടില്ല. അതിനാൽ അധികം നല്കിയ തുക 2,250 രൂപ തിരിച്ചീടാക്കേണ്ടതാണ്. (എൻക്വയറി നമ്പർ.19/16.12.2016)

## 3-10 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ആശ്രയ ഒന്നാംഘട്ടം ആരംഭിക്കുന്നത് 1-6-2013 ൽ ആണ്. ഒന്നാംഘട്ട പദ്ധതി കാലയളവ് 2011-12മുതൽ 2013-14 വരെയായിരുന്നു. തുടർന്ന് 2014-15 ൽ പദ്ധതി സ്പിൽഓവർ ആയി ചെയ്യുകയായിരുന്നു. 2015-16 ൽതുടർ സേവനപദ്ധതി രൂപീകരണം നടന്നു. എന്നാൽ പദ്ധതി അംഗീകാരം ലഭിച്ചുകിട്ടാത്തതിനാൽ 2016-17ലും ഒന്നാം ഘട്ട പദ്ധതി തുടർന്നു. നിലവിൽ ആശ്രയ രണ്ടാംഘട്ടം സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്.

ആശ്രയ ഒന്നാംഘട്ടത്തിൽ 25,00,000/- രൂപ ഭവനനിർമാണത്തിനായി 25ഗുണഭോക്താക്കൾക്കായി വകയിരുത്തിയതിൽ 11,00,000/- രൂപ 5 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഭക്ഷണത്തിനായി 172ഗുണഭോക്താക്കൾക്കായി 8,11,500/- രൂപ വകയിരുത്തിയതിൽ 6,34,962/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭൂമിവാങ്ങൽ , കുടിവെള്ള പൈപ്പ് ലൈൻ , സ്വയം തൊഴിൽ ,ചികിത്സ ,വിദ്യാഭ്യാസം എന്നി മേഖലകൾക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും ചെലവഴിച്ചതായി കാണുന്നില്ല.ഒന്നാം ഘട്ട പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## 3-11 ഉപജില്ലാ കലോൽസവം സംഭാവന- സർക്കാർ ഉത്തരവനുസരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

എടപ്പാൾ ഉപജില്ലാ കലോൽസവം നടത്തിപ്പിനായി വൗച്ചർ 797/4-3-16 പ്രകാരം 10,000 രൂപ കലോൽസവം ജനറൽ കൺവീനർ /പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് കാടഞ്ചേരിക്ക് നൽകിയിട്ടുണ്ട്. (കൈപ്പറ്റ് 47/4-3-16). ത.സ്വ.ഭ.വ (എഫ്.എം) വകുപ്പ് ജി.ഒ(ആർ.ടി) 3707/2015/ത.സ്വ.ഭ.വ തിയ്യതി 10-12-2015 അനുമതി ഉത്തരവ്

പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ഉപജില്ലാ കലോൽസവംജനറൽ കൺവീനർ /പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ് കാടഞ്ചേരി ആഡിറ്റ് ചെയ്ത വരവു ചെലവുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന വ്യവസ്ഥയോടെയാണ് ധനസഹായം നൽകാൻ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ വരവു -ചെലവു കണക്കുകൾ ലഭ്യമാക്കിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ റിമാർക്സ് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 21/16-12-16) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 10,000 രൂപ തടസ്സം ചെയ്യുന്നു.

## 3-12 തുല്യതാ പഠനം-തുടർ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പ്രൊജക്ട് 31/16

അടങ്കൽ 60000 രൂപ.(വികസന ഫണ്ട്- ധനകാര്യ കമ്മീഷൻ)

നിർവ്വഹണം ഹെഡ്മാസ്റ്റർ

പത്താം തരം തുല്യത പരീക്ഷയ്ക്കായി ജില്ലാ സാക്ഷരതാ മിഷൻ കോഡിനേറ്റർക്ക് 21 പഠിതാക്കൾക്കായി 1500 രൂപ വീതം ആകെ 31500 രൂപ (ഡി.ഡി 237247/16-3-16 ) പണം അടച്ച എന്നതല്ലാതെ പഠിതാക്കൾ പരീക്ഷ എഴുതിയോ എന്നും പദ്ധതി ലക്ഷ്യം കൈവരിച്ചുവോ എന്നുമുള്ള യാതൊരു തുടർ മോണിറ്ററിംഗും നടത്തിയിട്ടില്ല.ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിമാർക്സ് ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-13 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയതിൽ അസാധാരണമായ കാലതാമസം

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ 32/2016 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ടിനായി വികസന ഫണ്ട് (ജനറൽ) 2,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ( ഡി.ഡി നമ്പർ 236299/19-12-2015, പണം കൈപ്പറ്റിയതിന് 28-1-2016 ലെ 1084 നമ്പർ കൈപ്പറ്റ് രശീതി) നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ മെഡിക്കൽ ഓഫീസർ 2,50,000 രൂപയുടെ പർച്ചേസ് ഓർഡർ 25-1-2016 ലെ 92/2015/GHDN ആയി ഹോംകോ ആലപ്പുഴയ്ക്ക് നൽകിയതായി കാണുന്നു.എന്നാൽ മരുന്നുകൾ ലഭ്യമാക്കിയതിൽ അസാധാരണമായ കാലതാമസം ഉണ്ടായതായി കാണുന്നു. ജനുവരി 25 ന് ഓർഡർ നൽകിയ മരുന്നുകൾ സെപ്റ്റംബർ 28 നാണ് ലഭ്യമാക്കിയത്. ഓർഡർ നൽകിയതിൽ ഉൾപ്പെടുന്ന പല മരുന്നുകളുടെയും ആശുപത്രിയിലെ നിലവിലെ സ്റ്റോക്ക് മാസങ്ങൾക്ക് മുമ്പ് തീർന്നതായി സ്റ്റോക്ക് രജിസ്റ്റർ വ്യക്തമാക്കുന്നു. മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ ഹോംകോയുമായി യാതൊരു കരാറിലും ഏർപ്പെടുകയോ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.അവശ്യ മരുന്നുകൾ കൃത്യമായി ലഭിക്കുന്നതിന് യുക്തമായ നടപടികൾ ഒന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽ കൊണ്ട് വരുന്നു.

## 3-14 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ജി.ഒ.(എം.എസ്) 188/2015 ത.സ്വ.ഭവ 08-06-2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ നിന്നും നിന്നും എടപ്പാൾ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് പ്രവർത്തന ചെലവിനായി 10000രൂപ നൽകിയിട്ടുണ്ട്. (വൗച്ചർ 21500403/29-09-15,ഡി.ഡി 682526/29-9-15). നിശ്ചിത ആവശ്യങ്ങൾക്കു മാത്രം തുക വിനിയോഗിക്കേണ്ടതാണെന്നും വിനിയോഗ വിവരം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുകതടസ്സം ചെയ്യുന്നു.

## 3-15 പ്രവർത്തിക്കാത്ത സാംസ്കാരിക നിലയം വായനശാലയ്ക്ക് പത്രമാസികകൾ

പഞ്ചായത്ത് സാംസ്കാരിക നിലയം വായനശാലയ്ക്ക് പത്രമാസികകൾ വിതരണം ചെയ്തതിന് 2015-16 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം ചെലവു ചെയ്തിട്ടുണ്ട് .

വൗച്ചർ 391/09 തിയ്യതി 28-9-15 , 4065 രൂപ. (ഡി.ഡി 682521/28-9-15 മൊത്തം 9689 രൂപ)

വൗച്ചർ 802 തിയ്യതി 4-3-16 , 4884 രൂപ. (ഡി.ഡി 865492/4-3-16)

ന്യൂസ് ഏജന്റായ ശ്രീ.കൃഷ്ണൻകുട്ടി 11 മാസക്കാലം 4 ദിനപത്രങ്ങളും തൊഴിൽ വാർത്തയും നൽകിയതിനാണ് മേൽ പ്രകാരം ചെലവ്. എല്ലാ ദിവസവും പത്രമാസികകൾ സപ്ലൈ ചെയ്തു വരുന്നുണ്ട് എന്ന് ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ആയ ശ്രീ. പ്രേംചന്ദ് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ സാംസ്കാരിക നിലയം വായനശാല ഇക്കാലയളവിൽ പ്രവർത്തന രഹിതമാണ്. ആർക്കും നടത്തിപ്പിനോ മേൽനോട്ടത്തിനോ ചുമതല നൽകിയിട്ടുമില്ല.ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് സ്ഥലപരിമിതി കാരണം ഗ്രാമ പഞ്ചായത്ത് ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും എന്നാൽ പത്രമാസികകൾ തുടർന്നും വാങ്ങുന്നത് ഫ്രണ്ട് ഓഫീസിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്നുമാണ് മറുപടി നൽകിയത്. ലൈബ്രറി പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 എസ്.സി.വിദ്യാർത്ഥിനികൾക്ക് സൈക്കിൾ പ്രൊജക്ട് നടത്തിപ്പിൽ -അപാകതകൾ

പ്രൊജക്ട് നമ്പർ : 158/16

വകയിരുത്തിയ തുക : 4,20,000/-(വികസന ഫണ്ട് എസ്.സി.പി)

ചെലവ് തുക : 2,17,623-(ബിൽ നമ്പർ 05/14.3.16)

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 10ാം തരത്തിൽ പഠിക്കുന്ന 46 എസ്.സി. വിദ്യാർത്ഥികൾക്ക് ( 27 ആൺകുട്ടികൾക്കും 19 പെൺകുട്ടികൾക്കും) ടെണ്ടർ നടപടികളിലൂടെ റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ,കുറ്റൂർ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിളുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

# സ.ഉ.(എം.എസ്.)362/13 ത.സ്വ.ഭ.വ. തി.16.11.2013 ഖ.6 ൽ 8 (4) മാർഗ്ഗ രേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ എന്നും പട്ടിക ജാതി /പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയവർ ഈ ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ ഗുണഭോക്താക്കൾ മുമ്പ് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലായെന്ന സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിട്ടില്ല.

#ഗ്രാമപഞ്ചായത്തിലും സമീപ പ്രദേശത്തുമുള്ള ആറ് ഹൈസ്കൂളുകളിലെ പ്രധാനാധ്യാപകർക്ക് കത്ത് നല്കി അവിടങ്ങളിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെടുന്ന എസ്.സി വിദ്യാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ട് അപ്രകാരം ലഭിച്ച ലിസ്റ്റിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കുകയാണുണ്ടായത്. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള അർഹരായ മറ്റ് വിദ്യാർത്ഥികൾക്ക് അവർ ഈ സ്കൂളുകളിൽ പഠിക്കുന്നില്ല എന്ന കാരണത്താൽ ആനുകൂല്യത്തിന് പരിഗണിക്കപ്പെടാതെ പോയിട്ടുണ്ടാവാം. ആനുകൂല്യം ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തി. പ്രൊജക്ടിന്റെ 52% തുക മാത്രമാണ് ചെലവഴിച്ചത്.

# ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയുടെ അംഗീകാരം നേടിയില്ല.

അപാകതക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-17 ഐ.എ.വൈ. ഭവന നിർമ്മാണം- ബ്ലോക്ക പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ വിവരമില്ല

നിർവ്വഹണം സെക്രട്ടറി

2015-16 വർഷത്തിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 3 പ്രൊജക്ടുകൾക്കായി ആകെ 33,42,500 രൂപ പഞ്ചായത്ത് വിഹിതമായി തുക നൽകിയിട്ടുണ്ട്. അതിൽ SO173/15 ന് താഴെ പറയും പ്രകാരം നൽകിയ 10,96,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ.നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽനം./തി./തുക |
|---|---|---|---|---|
| 1 | SO173/15 ഐ.എ.വൈ. ഭവന നിർമ്മാണം (എസ്.സി) | 10,96,000 (വികസന ഫണ്ട്. എസ്.സി.പി) | 10,96,000 | 235490/3-8-15 |

SO173/15 ഐ.എ.വൈ. ഭവന നിർമ്മാണം (എസ്.സി) പ്രൊജക്ടിനു നൽകിയ 10,96,000 രൂപയുടെ വിനിയോഗ

സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-18 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണ പദ്ധതി- അപാകതകൾ

പ്രൊജക്ട് നം. 143/16, അടങ്കൽ – 2,84,000/- ബിൽ നം.7/15-16,തി.17.01.2016 – 2,54,400/- രൂപ.

പ്രൊജക്ട് പ്രകാരം 10 ഗുണഭോക്താക്കൾക്ക് 25,440രൂപ വിലമതിക്കുന്ന ലാപ്ടോപ് വാങ്ങി നൽകി.ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

1. ജി. ഒ (പി) 259/2010 തസ്വഭവ, തീയതി 8.11.10 പ്രകാരം പ്രാബല്യത്തിൽ വന്ന പ്രൊക്യൂർമെന്റ് മാന്വൽ അനുസരിച്ച് ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും മലയാള ദിനപ്പത്രത്തിലും പരസ്യം ചെയ്യേണ്ടതാണ്. എന്നാൽ ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

2. ടെണ്ടർ നോട്ടിഫിക്കേഷനിലോ ടെണ്ടർ ഷെഡ്യൂളിലോ ആവശ്യമായ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല

3. സ.ഉ 362/2013, തസ്വഭവ തീയതി16.11.13 ഖണ്ഡിക 12.2(6), 12.3(6) (പദ്ധതി മാർഗരേഖ) പ്രകാരം നിർവഹണ ഉദ്യോഗസ്ഥനോ, അംഗീകാരം നൽകിയ ഉദ്യോഗസ്ഥനോ ആവശ്യമായ സാങ്കേതികസഹായം മറ്റ് ഏജൻസികളിൽ നിന്നോ/സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാക്കിയതായി കാണുന്നില്ല.

4.വാങ്ങിയ ലാപ്ടോപ്പുകൾ സാങ്കേതിക വിദഗ്ധൻ പരിശോധിച്ച് സ്പെസിഫിക്കേഷൻ ഉറപ്പുവരുത്തിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പദ്ധതി നിർവ്വഹണത്തിൽ ചട്ടങ്ങളും ഉത്തരവുകളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-19 എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം -പദ്ധതി നടത്തിപ്പ്

1. എഞ്ചിനിയറിംഗ് സ്റ്റാഫിന്റെ കുറവ്

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 45.91ശതമാനവും പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 97 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 96എണ്ണം നടപ്പാക്കി. ഒരു അസി.എഞ്ചിനീയർ, 2 ഓവർസിയർ ഉൾപ്പെടുന്നതാണ് എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അംഗബലമെങ്കിലും സ്ഥിരമായി ഒരു അസി.എഞ്ചിനീയർ,1ഓവർസിയർ എന്നിവർ മാത്രമാണ് ഓഡിറ്റ് കാലയളവിൽ ഉണ്ടായിരുന്നത്. മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലുംആയതിനായി പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

## 3-20 പരിരക്ഷ ഹോംകെയർ ടീം -അധിക ചെലവ് അംഗീകരിക്കുന്നില്ല

പാലിയേറ്റീവ്കെയർ പരിചരണമാർഗ്ഗരേഖ 2015( ജി.ഓ.ആർ.ടി. 3217/15 തസ്വഭവ തിയതി 29.10.2015 ഖണ്ഡിക2.6.3) പ്രകാരം പരിരക്ഷ ഹോംകെയർ ടീമിന് ഭക്ഷണത്തിനായി ഒരുദിവസം ഒരാൾക്ക് 60 രൂപവച്ച് പരമാവധി 3 പേർക്കായി 180 രൂപ വരെ മാത്രമെ ചെലവഴിക്കാനാകൂ(29.10.2015മുതൽ )എന്നിരിക്കെ താഴെപ്പറയുന്ന ദിവസങ്ങളിൽ അധിക നിരക്കിൽ തുക ചെലവഴിച്ചതായി കാണുന്നു.

ട്രഷറിബിൽനം, തുക - 4/2015-16 / 27.1.2016 ; 67681/-

9/2015-16/ 28.3.2016 ; 66579/-

ഹോട്ടൽ ത്രിവേണി യിൽ നിന്ന് ഭക്ഷണം വാങ്ങിയതിന് തുക നല്കിയതിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| സബ് വൗച്ചർ നം,തിയതി | അർഹമായത് | നൽകിയതുക | അധികം |
|---|---|---|---|
| 15/22.11.15 | 180 | 255 | 75 |
| 11/20.11.15 | 180 | 250 | 70 |
| 9/19.11.15 | 180 | 235 | 55 |
| 21/1.12.15 | 180 | 260 | 80 |
| 8/5.12.15 | 180 | 265 | 85 |

| | | | |
|---|---|---|---|
| 25/27.12.15 | 180 | 250 | 70 |
| 28/8.12.15 | 180 | 240 | 60 |
| 30/10.12.15 | 180 | 260 | 80 |
| 33/15.12.15 | 180 | 230 | 50 |
| 39/21.12.15 | 180 | 240 | 60 |
| 41/22.12.15 | 180 | 265 | 85 |
| 45/28.12.15 | 180 | 270 | 90 |
| 47/31.12.15 | 180 | 240 | 60 |
| 55/12.1.16 | 180 | 240 | 60 |
| 3/7.11.15 | 180 | 200 | 20 |
| 5/9.11.15 | 180 | 210 | 30 |
| 7/2.11.15 | 180 | 210 | 30 |
| 13/23.11.15 | 180 | 200 | 20 |
| 17/26.11.15 | 180 | 210 | 30 |
| 19/28.11.15 | 180 | 214 | 34 |
| 35/17.12.15 | 180 | 205 | 25 |
| 37/18.12.15 | 180 | 210 | 30 |
| 51/7.1.16 | 180 | 200 | 20 |
| 53/8.1.16 | 180 | 200 | 20 |
| 2/21.1.16 | 180 | 250 | 70 |
| 4/22.1.16 | 180 | 240 | 60 |
| 8/28.1.16 | 180 | 280 | 100 |
| 10/29.1.16 | 180 | 270 | 90 |

| | | | |
|---|---|---|---|
| 12/30.1.16 | 180 | 330 | 150 |
| 16/6.2.16 | 180 | 340 | 160 |
| 6/23.1.16 | 180 | 200 | 20 |
| 25/20.2.16 | 180 | 210 | 30 |
| 32/29.2.16 | 180 | 200 | 20 |
| 34/1.3.16 | 180 | 200 | 20 |
| ആകെ | 6120 | 8079 | 1959 |

അധികമായി നൽകിയ 1959/- രൂപ നിരാകരിക്കുന്നു. എൻക്വയറി നമ്പർ. 4/13.12.2016 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-21 സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാലേഷൻ വിശദാംശം ലഭ്യമല്ല-ചെലവു തുക തടസ്സം ചെയ്യുന്നു

പ്രൊജക്ട് 43/16 പുതിയ സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റാലേഷൻ -ജനറൽ അടങ്കൽ 4,21,000 രൂപ ( 2,21,000 രൂപ.-ധനകാര്യ കമ്മീഷൻ ഗ്രാന്റ്+ 2,00,000 രൂപ വികസന ഫണ്ട് ജനറൽ)

ക്രൂസിൽ നിന്നും യൂണിറ്റ് വില 1572 രൂപ നിരക്കിൽ 261 എണ്ണം 2*11 സി.എഫ്.എൽ വാങ്ങി.

ചെലവ് 140 എണ്ണത്തിന് 2,20,079 രൂപ. ഡി.ഡി 235489/3-8-15.( ധനകാര്യ കമ്മീഷൻ)

121 എണ്ണത്തിന് 1,90211 രൂപ. ഡി.ഡി നമ്പർ 235488/ 3-8-15 ( വികസന ഫണ്ട്)

പ്രസ്തുത സി.എഫ്.എൽ സ്റ്റോക്കിലെടുത്തതിന്റെയോ സ്ഥാപിച്ചതിന്റെയോ ആയതിന്റെ മേൽനോട്ടത്തിനോ രജിസ്റ്ററോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല പുതിയതായി 261 തെരുവു വിളക്കുകൾ സ്ഥാപിച്ചു കാരണം ഓഡിറ്റ് വർഷം ഓഡിറ്റ് നാൾ വരെയും ( ഡിസംബർ 2016) വൈദ്യുതി ചാർജ്ജ് ഇനത്തിൽ യാതൊരു മാറ്റവും വന്നതായും കാണുന്നില്ല. വാങ്ങിയ തെരുവു വിളക്കുകൾ സ്ഥാപിച്ചു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,10,290 രൂപ തടസ്സം ചെയ്യുന്നു.

## 3-22 അംഗനവാടികളുടെ അടിസ്ഥാന സൗകര്യം -അടിയന്തിര നടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്തിലെ അംഗനവാടി കെട്ടിടങ്ങളുടെ പൊതു വിവരം താഴെ പറയുന്നു.

| | |
|---|---|
| ആകെ അംഗനവാടികൾ | 29 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 |
| സ്വന്തം കെട്ടിടം | 18 |
| സ്വന്തമായി സ്ഥലമുള്ളവ | 25 |
| പൊതു കൊട്ടിടം(സ്കൂൾ) | 1 |
| വൈദ്യുതി ഇല്ലാത്തവ | 24 |

സാമൂഹ്യ ക്ഷേമ പരിപാടികൾ പഞ്ചായത്തുകളുടെ അവിഭാജ്യ ഘടകമാണെന്നിരിക്കെ നിലവിൽ സ്വന്തമായി കെട്ടിടം ഇല്ലാതെ പ്രവർത്തിക്കുന്ന 10 അംഗനവാടികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.സാമൂഹ്യക്ഷേമ പദ്ധതികൾക്ക് പഞ്ചായത്ത് മുന്തിയ പരിഗണന നൽകണമെന്നിരിക്കേ ആയതിൻറ പ്രാഥമിക നടപടിക്രമമായ അംഗനവാടിക്കെട്ടിടങ്ങളുടെ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുകയും കെട്ടിടം നിർമ്മിക്കാതിരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1997-98 മുതൽ 2001-02 വരെ | 39.2 | 50 | സി.വി.ശാന്തകുമാരി, മുൻക്ളാർക്ക് | 11504101133 / 5994795 / 23.6.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,33,16,284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,29,51,742 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 61889 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,95,440 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 57,680 | ശ്രീ.കെ.കെ.രാജൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-9 | | 2,250 | ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി |
| 3-20 | | 1,959 | ഡോ.നിഗാർ കാസിം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | | 61,889 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30,000 | ശ്രീ.ബിജു.കെ, വി.ഇ.ഒ |
| 3-2 | 2,34,600 | ഡോ.നിഗാർ കാസിം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3 (1) | 4,64,300 | അശ്വതി രൂപ്, കൃഷി ഓഫീസർ |
| 3-3 (2) | 1,40,250 | അശ്വതി രൂപ്, കൃഷി ഓഫീസർ |
| 3-11 | 10,000 | ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി |
| 3-14 | 10,000 | ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി |
| 3-17 | 10,96,000 | ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി |
| 3-21 | 4,10,290 | ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി |
| ആകെ | 23,95,440 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.,കെ.രാജൻ, സെക്രട്ടറി | സെക്രട്ടറി, നന്നംമുക്ക് ഗ്രാമപഞ്ചായത്ത്. | കല്ലേപറമ്പിൽ വീട്, കോക്കൂർ.പി.ഒ, മലപ്പുറം |
| ഡോ.നിഗാർ കാസിം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | അസി.സർജൻ, പി.എച്ച്.സി പൊൻമള | വൈദ്യ വിഹാർ, ഇരിമ്പിളിയം, മലപ്പുറം ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |

| | | | |
|---|---|---|---|
| റിപ്പോർട്ട്) | | | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10<br>2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2013-14,2015-16 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.24/54/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483 2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയതി 07.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിൻറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

## AUDIT CERTIFICATE

KSA-MPM.24/54/2017

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in
Dated .07.02.2017

Certified that I have examined the Annual Financial Statement of NANNAMUKKU GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.
In my opinion the Financial Statements of NANNAMUKKU Grama Panchayat for the year 2015-6 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR
DISTRICT AUDIT OFFICE,
MALAPPURAM.